"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി അസിസ്റ്റന്റ് ഗ്രേഡ് II ആയ ശ്രീമതി.ദിവ്യ.പി.കെ., ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) No. 594/2024 നമ്പർ കേസിലെ 09/04/2024 ലെ അന്തിമ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.1102/2024/AGRI തീയതി,തിരുവനന്തപുരം, 25-11-2024

---

പരാമർശം:-

1. കൃഷി അസിസ്റ്റന്റ് ഗ്രേഡ് II, ശ്രീമതി.ദിവ്യ.പി.കെ. കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ സമർപ്പിച്ച 25/03/2024 ലെ നിവേദനം (Marked as Annexure A5 in the order dtd 09/04/2024 in OA (EKM) )
2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ(എറണാകുളം ബഞ്ച്) OA (EKM) No. 594/2024 കേസിലെ 09/04/2024 ലെ ഉത്തരവ്
3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 11/11/2024- ലെ ADFW/10111/2024-SE3 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ മലപ്പുറം ജില്ലയിലെ കൃഷി അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാരുടെ 2023 വർഷത്തെ ഓൺലൈൻ പൊതുസ്ഥലമാറ്റ കരട് ലിസ്റ്റിൽ ചോക്കാട് കൃഷിഭവനിൽ ജോലി ചെയ്ത വരുന്ന ശ്രീമതി.ദിവ്യ പി.കെ. യ്ക്ക് എടക്കര കൃഷി ഭവനിലേക്കാണ് സ്ഥലം മാറ്റം ലഭിച്ചിരുന്നതെന്നും എന്നാൽ അന്തിമ ലിസ്റ്റിൽ തന്റെ പത്താമത്തെ ഓപ്ഷൻ ആയ മൊറയൂർ കൃഷിഭവനിലേക്കാണ് സ്ഥലംമാറ്റം നൽകിയിട്ടുള്ളതെന്നും അന്തിമ ലിസ്റ്റ് ഇറങ്ങുന്നതിനു മുൻപായി തനിക്ക് ആരോഗ്യപരമായി ചില ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നുവെന്നും , തുടർ ചികിത്സയിലായതിനാൽ 45 km ദൂരെയുള്ള മൊറയൂർ കൃഷിഭവനിൽ എത്തിപ്പെടുക എന്നത് വളരെയധികം ശാരീരിക ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടെന്നും ഈ സാഹചര്യം കണക്കിലെടുത്ത് അടുത്തുവരുന്ന 2024 ട്രാൻസ്ഫറിൽ നിലമ്പൂർ, എടക്കര,എടവണ്ണ, ചുങ്കത്തറ എന്നീ കൃഷിഭവനിൽ വരുന്ന ഒഴിവിലേക്ക് പരിഗണിക്കണമെന്നും **പരാമർശം (1)** പ്രകാരം സർക്കാരിലേക്ക് അപേക്ഷിക്കുകയുണ്ടായി.

2. 2023ലെ പൊതുസ്ഥലംമാറ്റത്തിനെതിരെ ശ്രീമതി.ദിവ്യ.പി.കെ., കൃഷി അസിസ്റ്റന്റ് ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No.594/2024 കേസിലെ 09/04/2024 ലെ **പരാമർശം (2)**ഉത്തരവിൽ **പരാമർശം (1)** പ്രകാരം സമർപ്പിച്ച Annexure A5 നിവേദനം പരിശോധിച്ചു ബഹു കോടതി ഉത്തരവ് ലഭ്യമായി രണ്ട് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഉത്തരവായിരുന്നു.

3. മലപ്പുറം ജില്ലയിലെ പുക്കോട്ടുപാടത്ത് സ്ഥിര താമസക്കാരി ആയ ശ്രീമതി ദിവ്യ പി.കെ. 2014 മുതൽ മലപ്പുറം ജില്ലയിലും ,2019 മുതൽ ചോക്കാട് കൃഷി ഭവനിൽ കൃഷി അസിസ്റ്റന്റ് ആയി ജോലി നോക്കുന്നു എന്നും ടിയാളുടെ പത്താമത്തെ ഓപ്ഷനായ മൊറയൂർ കൃഷി ഭവനിലേയ്ക്ക് സ്ഥലം മാറ്റം ലഭിച്ചതിരെയാണ് ടിയാൾ കേസ് ഫയൽ ചെയ്തിട്ടുള്ളത് എന്നും ടിയാൾ തുടർച്ചയായി 5 വർഷം മലപ്പുറം ജില്ലയിലാണ് ജോലി നോക്കിയിരുന്നത് എന്നും 2023 ലെ ഓൺലൈൻ പൊതു സ്ഥലംമാറ്റ അന്തിമ ലിസ്റ്റ് ഉത്തരവാകുന്നതിന് കുറച്ച് ദിവസങ്ങൾക്ക് മുമ്പാണ് ശ്രീമതി ദിവ്യ പി. കെ. യ്ക്ക് ആരോഗ്യപരമായ വിഷമതകൾ ഉണ്ടാകുന്നത് എന്നും 2023 ലെ ഓൺലൈൻ പൊതു സ്ഥലംമാറ്റ അന്തിമ ലിസ്റ്റ് പ്രോസസ് ചെയ്തെടുക്കുന്നത് സ്പാർക്കിൽ നിന്നാണ് എന്നും,ആകയാൽ ടിയാൾക്ക് അടുത്ത ഓൺലൈൻ പൊതു സ്ഥലംമാറ്റത്തിൽ നിലമ്പൂർ, എടക്കര, എടവണ്ണ. ചുങ്കത്തറ എന്നീ കൃഷിഭവനുകളിലെ ഒഴിവുകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിനായി തദവസരത്തിൽ ടിയാൾ compassionate ground ൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അപേക്ഷിക്കുന്ന പക്ഷം അർഹതയ്ക്ക് വിധേയമായി സ്ഥലംമാറ്റം പരിഗണിക്കാവുന്നതാണെന്നും പരാമർശം (3) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീമതി ദിവ്യ.പി.കെ യ്ക്ക് അടുത്ത ഓൺലൈൻ പൊതു സ്ഥലംമാറ്റത്തിൽ നിലമ്പൂർ, എടക്കര, എടവണ്ണ. ചുങ്കത്തറ എന്നീ കൃഷിഭവനുകളിലെ ഒഴിവുകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിനായി തദവസരത്തിൽ ടിയാൾ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അപേക്ഷിക്കുന്ന പക്ഷം അർഹതയ്ക്ക് വിധേയമായി സ്ഥലംമാറ്റം പരിഗണിക്കുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തികൊണ്ട് ശ്രീമതി.ദിവ്യ.പി.കെ യുടെ 25/03/2024 ലെ Annexure A5 നിവേദനം തീർപ്പാക്കിക്കൊണ്ടും OA(EKM) No.594/2024 കേസിലെ 9/04/2024 ലെ പരാമർശം (2) ഉത്തരവ് ഇപ്രകാരം പാലിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ആമുഖ കത്ത് സഹിതം )
ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം

ശ്രീമതി.ദിവ്യ.പി.കെ., കൃഷി അസിസ്റ്റന്റ് ഗ്രേഡ് II (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖേന)

വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(Agri-EA2/130/2024/Agri)**

ഉത്തരവിൻ പ്രകാരം

Signed by

Aswathi S Poonkavanam

Date: 25-11-2024 11:38:00

സെക്ഷൻ ഓഫീസർ